പോലീസ് കേരളം വകുപ്പ്

**No. E2-21350/2018/G**

ജില്ലാ പോലീസ് ഓഫീസ്,
കാസറഗോഡ്
spksgd.pol@kerala.gov.in
04994255461
തീയതി. 04-09-2018

**ലേല പരസ്യം**

കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും കാസറഗോഡ് സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന ഡിപ്പാട്ടുമെൻറ് വാഹനങ്ങൾ 2018 നവംബർ മാസം 27-ആം തീയതി പകൽ 11 മണിയ്ക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു.

| ക്രമനംബർ | വാഹനത്തിന്റെ നംബർ | മോഡൽ | നിരദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9881 (HERO HONDA) | 2002 | 400 |
| 2 | KL 01 X 9254 (TATA 709 BUS) | 2002 | 9900 |
| 3 | KL 01 AH 2648 (BAJAJ CT 100) | 2005 | 400 |
| 4 | KL 01 AH 6776 (BAJAJ CT 100) | 2005 | 400 |
| 5 | KL 01 H 6765 (BAJAJ CT 100) | 2005 | 400 |
| 6 | KL 01 AQ 4328 (LEYLAND BUS) | 2007 | 21000 |
| 7 | KL 01 AQ 4346 (CHEVROLET TAVERA) | 2007 | 9900 |
| 8 | KL 01 AQ 4350 (CHEVROLET TAVERA) | 2007 | 9900 |
| 9 | KL 01 AU 5993 (MAHINDRA INVADER) | 2008 | 9900 |
| 10 | KL 01 AU 5402 (MAHINDRA INVADER) | 2008 | 9500 |
| 11 | KL 01 AU 5302 (MAHINDRA INVADER) | 2008 | 8000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് അതതു വാഹനങ്ങൾക്ക് നിശ്ചയിക്ക പ്പെട്ടിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ട്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതാണ്. കൂടാതെ ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരദദ്രവ്യമായി മേൽപറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കാസറഗോഡ് ജീലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാസറഗോഡ് ശാഖയിൽ മാറാവുന്നതുമായ നിശ്ചിത നിരദദ്രവ്യം ഇല്ലാത്ത ധർഘാസുകൾ നിരസിക്കുന്നതാണ്. കവറിനു മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്നും വാഹന നമ്പരും വ്യക്തമായി എഴുതിയിരിക്കണം. ഓരോ വാഹനത്തിനുമുള്ള ദർഘാസ് പ്രത്യേകം കവറിൽ അയക്കേണ്ടതാണ്. ദർഘാസുകൾ നല്കിയിട്ടുള്ളവർ ലേലസ്ഥലത്ത് നിർദിഷ്ട്ട സമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന താൽകാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെട്ടുത്തി കിട്ടുന്നയാൾ നിയമാനുസരണമുള്ള വിൽപ്പന നികുതി അടക്കമുള്ള ലേലം/ദർഘാസ് തുകയുടെ പകുതി ലേലസ്ഥലത്തു വച്ച് അടയ്ക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും അടച്ച് വാഹനം സ്വന്തം ചിലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടായാൾ മേല്പറഞ്ഞ നിബന്ധനകൾ ലങ്കിച്ചാൽ അയാൾ അടച്ച നിരദദ്രവ്യം സർകാരിലേയ്ക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ട്ടം സംഭവിച്ചാൽ ആയതിനു മുൻ ലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത് ടിയാനിൽനിന്ന് ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ

കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹനായിരിക്കുന്നതല്ല.

ലേലംചെയ്യപ്പെടുന്ന വാഹനം എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് ക്യാമ്പിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ പരിശോദിക്കാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള സംശയനിവാരണത്തിനായി 04994 230 088 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൽ പ്രകാരമുള്ള ലേലം/ദർഘാസ് നടപടികൾ മാറ്റിവയ്ക്കുകയോ ആസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം കാസറഗോഡ് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

Srinivas A

ശ്രീനിവാസ് എ, ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : സംസ്ഥാന പോലീസ് മേധാവി തിരുവനന്തപുരം, അനന്തരനടപടികൾക്കായി (ആമുഖ കത്ത് സഹിതം), പോലീസ് സൂപ്രണ്ട് (എംടി) പിഎച്ച്ക്യൂ-വിന് അറിവിലേക്കായി, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും/കമ്മീഷണർമാർക്കും, ബറ്റാലിയൻ കമണ്ടൻറുമാർക്കും നോട്ടീസ് ബോർഡിൽ പതിക്കുന്നതിനായി, കാസറഗോഡ് ജില്ലയിലെ എല്ലാ പോലീസ് ഒഫീസർമാർക്കും- പ്രചരണത്തിനായി, സൂപ്രണ്ട് ഓഫ് ഗവൺമെൻറ് പ്രെസ്സ് ഗസ്സറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് (ആമുഖ കത്ത് സഹിതം), ജില്ലാ ഇൻഫർമേഷൻ ഓഫീസർ കാസറഗോഡ് അനന്തര നടപടികൾക്കായി (ആമുഖ കത്ത് സഹിതം), ഡിവൈഎസ്പി (എംടി) നോർത്ത് സോൺ കോഴിക്കോട്, അസിസ്റ്റൻറ് കമാണ്ടൻറ് ഡിപിഎച്ച്ക്യൂ കാസറഗോഡ് അറിവിലേക്കായി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ കാസറഗോഡ്, ജില്ലയിലെ അംഗീകൃത വർക് ഷോപ്പ് ഉടമകൾക്ക് (എംടിഒ മുഖാന്തിരം)അറിവിലേക്കായി, കാഷ്യർ എആർ /ഡിപിഒ കാസറഗോഡ് അറിവിലേക്കായി, നോട്ടീസ് ബോർഡ്, സ്റ്റോക്ക് ഫയൽ.

E2-21350/2018/G

e0a219